# ഡോ. രാജഗോപാലൻ

ഡോ. പി. കെ. വാരിയർ

സഞ്ചരിക്കുന്ന ഒരു എൻസൈക്ലോപ്പീഡിയ ആയിരുന്നു ആയുർവേദത്തെ സംബന്ധിച്ച് ഡോ. രാജഗോപാലൻ - ഒരു 'സർവ്വവിജ്ഞാനകോശം'. ഡോ. രാജഗോപാലനെ സാഗരത്തോടു മാത്രമേ ഉപമിക്കാനാവൂ. ജീവന്നാധാരമായ ജലത്തിന്റെ മഹാസ്രോതസ്സ്. വറ്റാത്ത ഊർജ്ജസംഭരണി. ഒരിക്കലുമടങ്ങാത്ത തിരമാലകളുള്ള സജീവമായ കർമ്മകാണ്ഡം.

നവനവോന്മേഷശാലിനിയായ സമുദ്രത്തിന് പഴക്കം എന്നൊരവസ്ഥ ഇല്ല. ഉദയാസ്തമയങ്ങളെ അചഞ്ചലമായ മനസ്സോടെ സ്വീകരിക്കുന്നു സമുദ്രം.

സമുദ്രത്തിനെല്ലാവരും പ്രിയപ്പെട്ടവരാണ്; എന്നാൽ ആരുടേയും സ്വന്തമല്ല - സാഗരം സാഗരോപമം - രാജഗോപാലനുപകരം രാജഗോപാലൻ മാത്രം.

ആയുർവേദത്തിന്റെ ആപത്ബന്ധുവായിരുന്ന രാജഗോപാലൻ ആര്യവൈദ്യശാലയുടെ ആത്മമിത്രമായിരുന്നു.

പത്തു വയസ്സിനുമുമ്പ് തുടങ്ങിയതായിരുന്നുവത്രെ അദ്ദേഹത്തിന്റെ വൈദ്യവിദ്യാഭ്യാസം. നിയോഗങ്ങളേറെയുണ്ടായിരുന്നു ആ ജീവിതത്തിന്നേറ്റെടുക്കുവാൻ. ഇടർച്ചയും പതർച്ചയും കൂടാതെ കാലമാവശ്യപ്പെടുന്ന രീതിയിൽ തന്നെ സ്വയം മാറ്റിയെടുത്ത് രാജഗോപാലൻ ആയുർവേദത്തിന്റെ സ്പന്ദിക്കുന്ന ഹൃദയമായി മാറി.

പഠിക്കേണ്ടതെല്ലാം പഠിക്കേണ്ടസമയത്ത് പഠിക്കുക, പഠിച്ചതെല്ലാം തോന്നേണ്ടസമയത്ത് തോന്നുക, ഇതൊരു സൗഭാഗ്യമാണ്. അനുഗ്രഹമാണ്. രണ്ടും രാജഗോപാലന്ന് വേണ്ടുവോളവുമുണ്ടായിരുന്നു.

അരനൂറ്റാണ്ടിലേറെക്കാലം കോട്ടയ്ക്കൽ ആയുർവേദ സെമിനാറുകളിൽ മുഴങ്ങിക്കേട്ട വേറിട്ടൊരു ശബ്ദമായിരുന്നു ഡോ. രാജഗോപാലന്റേത്. കോട്ടയ്ക്കൽ സെമിനാറുകളുടെ 50 വർഷത്തെ ചരിത്രം പരിശോധിച്ചാൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യമില്ലാതിരുന്ന സെമിനാറുകൾ ഒന്നോരണ്ടോമാത്രം. ആയുർവേദ ശാസ്ത്ര പഠനം അത്ര സുഗമമായ ഒരേർപ്പാടല്ല, കാരണം ശാസ്ത്രപാഠങ്ങൾ പല ഗ്രന്ഥങ്ങളിൽ പല ഭാഗത്തായി വ്യത്യസ്ത രീതികളിൽ പറഞ്ഞു വെയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതിനെ ഏകോപിപ്പിക്കുവാൻ സമർത്ഥനായ ഒരു വൈദ്യപണ്ഡിതനുമാത്രമേ കഴിയൂ. ചിലവിവരണങ്ങൾക്ക് പ്രഥമ ദഷ്ട്യാ

വൈരുദ്ധ്യങ്ങളുണ്ടെന്നുവരെ ഒരു സാധാരണഭിഷഗ്വരനു തോന്നിയേയ്ക്കാം. ഇവയെ ഒരു ഏകശിലാ വിഗ്രഹം പോലെ ശില്പചാരുതയോടെ കൊത്തിയെടുത്ത് കൈയും കണക്കും തെറ്റാതെ പുറത്തെടുക്കുവാൻ അസാമാന്യ പാടവം കൂടിയേതീരൂ. വർഷങ്ങളോളം മനനവും പഠനവും നടത്തി രാജഗോപാലൻ ഈ സിദ്ധി സ്വായത്തമാക്കി. അതുകൊണ്ടുതന്നെ ഒരു തുള്ളി ചോദിച്ചാൽ ഒരു വർഷം തന്നെ ചൊരിയാനുള്ള ശേഖരം അദ്ദേഹത്തിന്റെ കൈയ്യിലുണ്ടായിരുന്നു. ജ്ഞാനദാനം ഒരു ശീലമാക്കിയ വ്യക്തിയായിരുന്നു അദ്ദേഹം.

അറിവിനെ പാറ്റന്റ് ചെയ്യാനല്ല, പബ്ലിഷ്ചെയ്യാനാണദ്ദേഹം ആഗ്രഹിച്ചതും ചെയ്തതും. വൈദ്യവിദ്യാർത്ഥികൾക്ക് പരീക്ഷകൾ നടത്തുമ്പോൾപോലും ചോദ്യങ്ങളുടെ ചാട്ടവാർ വീശികൊണ്ട് വിദ്യാർത്ഥികളെ സംഭ്രമിപ്പിക്കുന്നതിനു പകരം ഉപദേശനിർദ്ദേശങ്ങൾ നൽകി അവരുടെ പോരായ്മകൾ നികത്തുവാനാണ് ശിഷ്യവാത്സല്യത്തോടെ അദ്ദേഹം ശ്രമിച്ചത്.

വൈദ്യശാസ്ത്രങ്ങൾക്ക് അതിർവരമ്പുകളില്ല. അഥവാ ഉണ്ടാകരുത്. കാരണം, പരസ്പര പൂരകങ്ങളായി നിൽക്കുമ്പോൾ അതിന്റെ കരുത്തും ശോഭയും കൂടും. ഈ വസ്തുത മറ്റാരേക്കാളും മനസ്സിലാക്കിയത് ഡോ. രാജഗോപാലനായിരുന്നു. അദ്ദേഹത്തിന്റെ ഉഭയശാസ്ത്രപാണ്ഡിത്യം (അലോപ്പതിയും ആയുർവേദവും) വൈദ്യരംഗത്ത് സൗഹാർദ്ദത്തിന്റെ പൊൻവലകൾ നെയ്യാൻ പ്രയോജനപ്പെടുത്തി - ആ അർത്ഥത്തിൽ ഡോ. രാജഗോപാലൻ ഒരു യോജകൻ ആയിത്തീരുന്നു.

> ‘അമന്ത്രമക്ഷരം നാസ്തി,
> നാസ്തി മൂലമനൗഷധം,
> അയോഗ്യഃ പുരുഷോ നാസ്തി
> യോജകസ്തത്ര ദുർലഭഃ’

രാജഗോപാലന്റെ അസാന്നിദ്ധ്യം എനിക്ക് ഹൃദയവേദനയുണ്ടാക്കുന്നു. അദ്ദേഹത്തിന്റെ ആകർഷകമായ ശബ്ദ-ചലനങ്ങൾ എന്റെ ഓർമ്മയിൽ ഇപ്പോഴും തെളിഞ്ഞുനിൽക്കുന്നു.